നിലമ്പൂർ
02/09/2024

ബഹുമാന്യനും ആദരണീയനുമായ മുഖ്യമന്ത്രി അവർകൾക്ക് :

സർ,

കഴിഞ്ഞ ദിവസങ്ങളിൽ പൊതുസമൂഹത്തിന്റെ മുമ്പാകെ ഞാൻ ഉന്നയിച്ച ആരോപണങ്ങളുടേയും സംഭവവികാസങ്ങളുടേയും ഉറവിടങ്ങളും സാക്ഷികളും പരാതിക്കാരും മലപ്പുറം ജില്ലയിൽ തന്നെ ആയിരുന്നതുകൊണ്ടും, ലഭിച്ച തെളിവുകളും അറിവുകളും ആയി ബന്ധപ്പെട്ട ആളുകൾ ജില്ലയുടെ പരിസരത്തുള്ളവർ ആയിരുന്നതിനാലും ജില്ലയിലെ 2 ദിവസത്തെ എന്റെ അസാന്നിധ്യം കാര്യങ്ങളെ ബാധിക്കും എന്നതിനാലുമാണ് അങ്ങയുടെ ഓഫീസിൽ നിന്നും പല തവണ അറിയിച്ചിട്ടും കഴിഞ്ഞ 3 ദിവസത്തിനിടയിൽ അങ്ങയെ നേരിൽ വന്ന് കണാൻ കഴിയാതെയിരുന്നതിന്റെ കാരണം അങ്ങേയ്ക്ക് മേൽ സാഹചര്യം മനസ്സിലാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആയതിനാൽ ഈ കാര്യത്തിൽ വ്യക്തിപരമായി അങ്ങേയറ്റം ഖേദം പ്രകടിപ്പിക്കുകയും ക്ഷമ ചോദിക്കുകയും ചെയ്യുന്നു.

കേരളം കണ്ട ഏറ്റവും വലിയ വർഗ്ഗീയ, വിദ്വേഷക പ്രചാരകനും രാജ്യദ്രോഹിയുമായ യൂട്യൂബർ ഷാജൻ സ്കറിയക്കെതിരെ ഞാൻ നടത്തിയ നിയമപോരാട്ടങ്ങൾക്ക് പോലീസിന്റെ നീതിപൂർവ്വമായ പിന്തുണ കിട്ടുന്നില്ല എന്നുകണ്ടപ്പോളാണ് ക്രമസമാധന ചുമതലയുള്ള എ.ഡി.ജി.പി. ശ്രീ. എം.ആർ. അജിത്കുമാറിന്റെ നീക്കങ്ങളും കൂട്ടുകെട്ടുകളും കച്ചവടബന്ധങ്ങളും ഞാൻ വ്യക്തിപരമായി അന്വേഷിക്കാൻ തുടങ്ങിയത്. ഈ അന്വേഷണം എന്നെ എത്തിച്ചത് പോലീസ് സേനയുടെ തലപ്പത്തുള്ള അയാൾ ഒരു കുപ്രസിദ്ധ ക്രിമിനലാണെന്ന ബോധ്യത്തിലേക്കാണ്.. പോലീസ് സേനയിലുള്ള അദ്ദേഹത്തിന്റെ സ്വാധീനം കാരണം അദ്ദേഹത്തിനെതിരെ ഉള്ള ഏതെങ്കിലും പരാതികൾ അന്വേഷിക്കാനുള്ള ശ്രമം ഒരു ഉദ്യോഗസ്ഥരും നടത്താൻ ധൈര്യപ്പെടില്ല എന്ന ഉത്തമവിശ്വാസത്തിലാണ് ചില കാര്യങ്ങൾ പൊതുസമൂഹത്തിന്റെ മുമ്പാകെ തുറന്നുപറയേണ്ടി വന്നത്.

[Contd...

താഴെ പ്രതിപാദിക്കുന്ന കാര്യങ്ങൾ കേരളത്തിലെ ഏറ്റവും വിശ്വസ്തരും അനുഭവ സമ്പന്നരുമായവർ എന്ന് അങ്ങേയ്ക്ക് ബോധ്യമുള്ള ഒരു സ്പെഷ്യൻ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചുകൊണ്ട്, കഴിയുമെങ്കിൽ ഒരു റിട്ടയേർഡ് ജഡ്ജിയുടെ നിരീക്ഷണത്തിലോ മേൽനോട്ടത്തിലോ, അങ്ങയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വിശദമായി അന്വേഷിക്കണം എന്നാണ് എനിയ്ക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

1) മലപ്പുറം എസ്.പി. ക്യാമ്പ് ഹൗസിലെ മരങ്ങൾ മുറിക്കാൻ സോഷ്യൽ ഫോറസ്ട്രി നിശ്ചയിച്ച വിലയിൽ നിന്നും 150% -ത്തിലധികം കുറവ് വരുത്തി വില്പന നടത്തിയ കാര്യവും, ശ്രീ. ശ്രീജിത്ത് എന്ന വ്യക്തി 2024 ജൂലൈ 22-ാം തീയതി മലപ്പുറം ജില്ലാ പോലീസ് മേധാവി ശ്രീ. ശശിധരന് നൽകിയ പരാതിയിൽ പറയുന്ന കാര്യങ്ങളും : സോഷ്യൽ ഫോറസ്ട്രി നിശ്ചയിച്ച വിലയിൽ നിന്നും 150% വില കുറച്ച് വില്പന നടത്താനുണ്ടായതിന്റെ യഥാർത്ഥ കാരണം, ഈ മരങ്ങളിലെ തേക്കുമരത്തിന്റെ പ്രധാനഭാഗം എ.ജി.ഡി.പി. അജിത്ത് കുമാർ മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിലെ ഒരു ഫർണിച്ചർ വ്യാപാരിയ്ക്ക് നൽകി ഡൈനിംഗ് ടേബിളും ചെയറുകളും ഉണ്ടാക്കി കടത്തിക്കൊണ്ടുപോയി എന്നും മഹാഗണി മരത്തിന്റെ പ്രധാന ഭാഗം ഉപയോഗിച്ച് സോഫാ സെറ്റ് നിർമ്മിച്ച് അന്നത്തെ മലപ്പുറം എസ്.പി. ആയിരുന്ന സുജിത് ദാസ് ഐ.പി.എസ്. ഉം സ്വന്തം ആവശ്യത്തിന് വീട്ടിലേക്ക് കൊണ്ടുപോയെന്നും കാര്യങ്ങൾ, പുറത്തറിഞ്ഞപ്പോൾ തെളിവുനശിപ്പിക്കാനായി സ്വന്തം വീട്ടിൽ വെച്ച് അത് കത്തിച്ചുകളഞ്ഞതായും അറിയാൻ ഇടയായിട്ടുണ്ട്. ഈ കാര്യം വിശദമായി അന്വേഷിക്കേണ്ടതായിട്ടുണ്ട്.

ഇതേ വിഷയത്തിൽ എം.എൽ.എ. എന്ന നിലയിൽ 23.08.2024 തീയതിയിൽ ഞാൻ മലപ്പുറം എസ്.പി.യ്ക്ക് ഇ-മെയിൽ വഴി ശ്രീ. ശ്രീജിത്തിന്റെ പരാതിയിൽ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് ഒരു കത്ത് നൽകിയിരുന്നു. ഈ കത്തിന് ദിവസങ്ങൾ കഴിഞ്ഞിട്ടും ഒരു മറുപടിയും ലഭിക്കാത്തതിനാൽ മേൽ പരാതിയുടെ വസ്തുത നേരിട്ട് മനസ്സിലാക്കാൻ ഞാൻ എസ്.പി. ക്യാമ്പ് ഓഫീസിൽ എത്തുകയും ക്യാമ്പ് ഓഫീസിലെ പാറാവുകാരനോട് മേൽപ്പറഞ്ഞ മുറിച്ച മരങ്ങളുടെ മുരട്കുറ്റികൾ അവിടെത്തന്നെ ഉണ്ടോയെന്ന് നോക്കി ബോധ്യപ്പെടാൻ വന്നതാണെന്നും പറഞ്ഞു. പാറാവുകാരൻ എസ്.പി.യെ ഫോണിൽ ബന്ധപ്പെട്ട് എന്റെ ഉദ്ദേശ്യം അറിയിച്ചപ്പോൾ ഒരു കാരണവശാലും എന്നെ അകത്തേക്ക് കടത്തിവിടരുതെന്നും അകത്തേക്ക് കടന്നാൽ അതിക്രമിച്ച് കടന്നതിനുള്ള കേസ്സ് എടുക്കുമെന്നും പറഞ്ഞ് എന്നെ മടക്കിയയച്ചു. നിയമസഭാ സാമാജികനായ എനിക്കുണ്ടായ മാനഹാനിക്കും പൊതുസമൂഹത്തിൽ നിന്നും എനിക്കു നേരിട്ട മോശംവാക്കുകൾക്കും കാരണക്കാരനായ മലപ്പുറം എസ്.പി. ശശിധരനെതിരെ ഒരു ജനപ്രതിനിധിയെ അവഹേളിച്ചതിൽ കർശനമായ നടപടി സ്വീകരിക്കണമെന്നും മാതൃകാപരമായി ശിക്ഷ നൽകണമെന്നും അഭ്യർ

[Contd...

ത്ഥിക്കുന്നു.

2) സംസ്ഥാന സർക്കാരിന്റെ ഏറ്റവും ജനശ്രദ്ധയാകർഷിച്ച നവകേരള സദസ്സ് നവംബർ 30-ന് ഏറനാട് മണ്ഡലത്തിലെ അരീക്കോട് വെച്ച് നടക്കവെ, ബഹു. മുഖ്യമന്ത്രി സദസ്സിൽ എത്തുന്ന സമയത്ത് ഈ പരിപാടി അലങ്കോലപ്പെടുത്തണമെന്ന ദുരുദ്ദേശ്യത്തോടെ എത്തിയ ഒരു യൂട്യൂബറും സഹായിയും സദസ്സിൽ പ്രശ്നങ്ങളുണ്ടാക്കിയപ്പോൾ പോലീസ് കണ്ടിട്ടും ഇടപെടാത്ത സാഹചര്യത്തിൽ സന്നിഹിതരായിരുന്ന ഇടതുപക്ഷ പ്രവർത്തകർ ഇവരെ ബലമായി സദസ്സിൽ നിന്നും പുറത്താക്കിയ സംഭവം അങ്ങ് ഓർക്കുന്നുണ്ടാകുമല്ലോ.

പിറ്റേ ദിവസം, ഡിസംബർ 1-ന് രാവിലെ അങ്ങ് നടത്തിയ പത്ര സമ്മേളനത്തിൽ ചില മാധ്യമപ്രവർത്തകർ ഈ കാര്യം ഉന്നയിക്കുകയുണ്ടായി. അവർക്ക് മറുപടിയായി അരീക്കോട് നവകേരള സദസ്സിൽ 7600-ഓളം സാധാരണക്കാരായ മനുഷ്യർ പരാതി നൽകി തിരിച്ചുപോയെന്നും പ്രശ്നമുണ്ടാക്കിയവരെ സദസ്സിൽ നിന്നും മാറ്റുകയാണുണ്ടായതെന്നും അങ്ങ് വിശദീകരിച്ചതുമാണല്ലോ. അങ്ങയുടെ വിശദീകരണം വന്ന് ഒരു മണിക്കൂർ തികയും മുമ്പ് അങ്ങയുടെ വിശദീകരണ കളവാണെന്ന് വരുത്തി തീർക്കവണ്ണം ..... ഇടതുപക്ഷ പ്രവർത്തകരെ കവർച്ചാ കേസ്സുൾപ്പടെയുള്ള ജാമ്യമില്ലാ വകുപ്പുകൾ ചുമത്തിക്കൊണ്ട് ജില്ലാ പോലീസ് മേധാവി ശശിധരന്റെ നിർദ്ദേശ പ്രകാരം അരീക്കോട് പോലീസ് കള്ളക്കേസ്സെടുത്ത് സംഘാടക സമിതി കൺവീനറായിരുന്ന വ്യക്തിയടക്കമുള്ള പ്രവർത്തകരെ ജയിലിലടച്ചു. ജില്ലാ പോലീസ് മേധാവിയുടെ ഈ നടപടി അങ്ങയെ അപകീർത്തിപ്പെടുത്തുന്നതും തെറ്റായ കീഴ്‌വഴക്കവുമാണ്. ഈ കേസ്സ് സർക്കാർ തലത്തിൽ അന്വേഷിച്ച് നിരപരാധികളായ ഇടതുപക്ഷ പ്രവർത്തകരെ കുറ്റവിമുക്തരാക്കാനും കള്ളക്കേസ്സെടുത്തവർക്കെതിരെയും അതിന് നിർദ്ദേശിച്ചവർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

3) മറുനാടൻ മലയാളി എന്ന യൂട്യൂബ് ചാനൽ ഉടമസ്ഥനായ ഷാജൻ സ്കറിയ എന്നയാൾക്കെതിരെ ഞാൻ നിലമ്പൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. ഷാജൻ സ്കറിയ 2021 ഏപ്രിൽ 17-ന് രണ്ട് ഞെട്ടിക്കുന്ന വയർലെസ് സന്ദേശങ്ങൾ എന്ന പേരിൽ കേരള പോലീസിന്റെ രഹസ്യ സ്വഭാവമുള്ള ഔദ്യോഗിക വയർലെസ് സന്ദേശങ്ങൾ ചോർത്തി പ്രക്ഷേപണം ചെയ്ത വീഡിയോ കണ്ടാണ് ഞാൻ പോലീസിൽ പരാതി നല്കിയിരുന്നത്. Information Technology Act 2000 (Section 66B & 66F), The Official Secrets Act, 1923 (Section 3 &5) Indian Telegraph Act 1885 (Section 21&26) Indian Wireless Telegraphy Act, 1933 എന്നീ വകുപ്പുകൾ പ്രകാരമുള്ള ഗുരുതര കുറ്റകൃത്യമായിരുന്നു ഷാജൻ സ്കറിയ ചെയ്തിട്ടുണ്ടായിരുന്നത്. എന്നാൽ നിലമ്പൂരിൽ നൽകിയ പരാതി ആലുവ പോലീസ് സ്റ്റേഷനിലാണ് എഫ്.ഐ.ആർ. രജി

[Contd...

സ്റ്റർ ചെയ്തത്.

പരാതിയിൽ പ്രതിപാദിച്ചിരുന്ന വകുപ്പുകളിൽ Information Technology Act 2000 ലെ 66B വകുപ്പ് മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. അതീവ സുരക്ഷാ പ്രാധാന്യവും രഹസ്യ സ്വഭാവവും പോലീസ് സേനാംഗങ്ങൾക്ക് മാത്രം ലഭിക്കുന്നതുമായ സംസ്ഥാന പോലീസ് സേനയുടെ വയർലെസ് മെസേജ് കമ്മ്യൂണിക്കേഷൻ ശൃംഖലയിൽ നിന്നും വയർലെസ് സന്ദേശങ്ങൾ നിയമവിരുദ്ധമായി ചോർത്തി കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ആർക്കും ലഭ്യമാകുന്ന തരത്തിൽ ലോകമെമ്പാടും യുട്യൂബ്, ഫെയ്സ്ബുക്ക് എന്നീ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചതിൽ Information Technology Act 2000 ലെ 66F വകുപ്പ് ചേർക്കാവുന്നതാണെന്ന നിയമോപദേശം ലഭിച്ചിട്ടും, ജാമ്യം ലഭിക്കാൻ സാധ്യതയില്ലാത്ത 66F വകുപ്പ് ഷാജൻ സ്കറിയയെ സഹായിക്കാനായി എ.ജി.ഡി.പി. അജിത് കുമാർ ഇടപെട്ട് ഒഴിവാക്കുകയായിരുന്നു. ഇതിനു പിന്നിൽ വലിയ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുണ്ടെന്ന വിവരമുണ്ട്. മാത്രവുമല്ല, ഷാജൻ സ്കറിയക്ക് വിദേശത്തേക്ക് കടക്കാനുള്ള സൗകര്യവും അജിത് കുമാർ ചെയ്തുകൊടുത്തിട്ടുണ്ട്. ഈ കേസ്സിൽ നിയമപരമായി നിലനിൽക്കുന്ന Information Technology Act 2000 ലെ 66F വകുപ്പ് കൂടി ഉൾപ്പെടുത്തി വിദ്വേഷ പ്രചാരകനായ ഷാജൻ സ്കറിയക്കെതിരെ ശക്തമായ നടപടിയെടുക്കുന്നതിനും അങ്ങ് അന്വേഷണ സംഘത്തിന് നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

4) തൃശ്ശൂരിന്റെ മാത്രമല്ല, കേരളത്തിന്റെ ആകെ സാംസ്കാരികാഘോഷമായ തൃശ്ശൂർ പൂരം ഇത്തവണ വാർത്തകളിൽ നിറഞ്ഞത് പോലീസ് നടപടികളുടെ പേരിലായിരുന്നു. ജനങ്ങൾ വളരെ വൈകാരികമായി പ്രതികരിക്കുന്ന സാഹചര്യം പോലീസ് ഉണ്ടാക്കിയത് ബോധപൂർവ്വമാണ്. ഇതിനെ തുടർന്ന് സംസ്ഥാനത്തിന്റെ തെരഞ്ഞെടുപ്പ് ചരിത്രത്തിലാദ്യമായി ഒരു ബി.ജെ.പി. പാർലമെന്റ് അംഗം തൃശ്ശൂരിൽ നിന്ന് വിജയിക്കുകയുമുണ്ടായി. നഗരത്തിന്റെ ചുമതലയുള്ള ഒരു ഉദ്യോഗസ്ഥന്റെ മാത്രം തീരുമാനമല്ല ആ പോലീസ് നടപടി. പോലീസ് നടപടി ഉണ്ടായ സമയത്ത് എ.ഡി.ജി.പി. അജിത് കുമാറിന്റെ സാന്നിധ്യം തൃശ്ശൂരിലുണ്ടായിരുന്നു. തൃശ്ശൂരിൽ വിജയിച്ച ബി.ജെ.പി. എം.പി.യുമായി അടുത്ത ബന്ധമുള്ളയാണ് അജിത് കുമാർ. ഉന്നത ബി.ജെ.പി. നേതൃത്വവുമായി ഉണ്ടാക്കിയ ധാരണയനുസരിച്ചാണ് തൃശ്ശൂരിൽ പോലീസ് നടപടികളുണ്ടായത്. അതിൽ എ.ഡി.ജി.പി. അജിത് കുമാറിന്റെ പങ്കും സാന്നിധ്യവും ഇതുമായി നടന്ന ഗൂഢാലോചനയും അന്വേഷണ വിധേയമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

5) എ.ഡി.ജി.പി. എം.ആർ. അജിത് കുമാറിന്റെ നേതൃത്വത്തിലുള്ള സൈബർ സംഘത്തിലെ ഒരു വിഭാഗം അങ്ങ് അടക്കമുള്ള മന്ത്രിമാരുടേയും എം.എൽ.എ.മാരുടേയും ജനപ്രതിനിധികളുടേയും സംസ്ഥാനത്തെ പ്രമുഖരു

[Contd...

ടേയും പത്ര-ദൃശ്യമാധ്യമ രംഗത്തുള്ളവരുടേയും സിനിമാ മേഖലയിലെ പ്രമുഖരുടേയും മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടേയും ഫോൺ കോളുകൾ ചോർത്തുന്നുണ്ട് എന്ന ഗുരുതര ആരോപണം ഗൗരവമായി അന്വേഷിച്ച് കർശന നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

6) കേരളീയ സമൂഹം നീതിക്ക് വേണ്ടി കാതോർത്തിരുന്ന സോളാർ കേസ്സിൽ എല്ലാ തെളിവുകളുമുണ്ടായിരുന്നിട്ടും കുറ്റവാളികൾ രക്ഷപ്പെട്ടത് എ.ജി.ഡി.പി. അജിത് കുമാറിന്റെ ഇടപെടലാണെന്ന് പേരുവെളിപ്പെടുത്താത്ത ഒരു പോലീസ് ഉദ്യോഗസ്ഥന്റെ എനിയ്ക്ക് ലഭിച്ച ശബ്ദസന്ദേശം വളരെ ഗൗരവത്തിലെടുത്ത് സത്യാവസ്ഥ പുറത്തുകൊണ്ടുവരണം.

7) എ.ജി.ഡി.പി. അജിത് കുമാർ, സുജിത്ത്ദാസ് ഐ.പി.എസ്.. മലപ്പുറം ജില്ലയിലെ ഡാൻസാഫ് എന്നവരുടെ നേതൃത്വത്തിൽ കരിപ്പൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് നടത്തുവരുന്ന സ്വർണ്ണക്കള്ളക്കടത്ത് ഗൗരവകരമായി അന്വേഷിച്ച് സത്യാവസ്ഥ കണ്ടെത്തി ഇതിലുൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അവരുടെ സ്വത്തുകൾ കണ്ടെത്തി കണ്ടുകെട്ടുകയും അവ സർക്കാരിൽ നിക്ഷിപ്തമാക്കാനുള്ള നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

8) എ.ഡി.ജി.പി. അജിത് കുമാർ കോടിക്കണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയ തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിനടുത്തെ സ്ഥലവും വീടും അദ്ദേഹത്തിന്റെ ഭാര്യയുടേയും ബന്ധുക്കളുടേയും പേരിൽ ഇന്ത്യക്കത്തും പുറത്തും അയാൾ വാങ്ങിക്കൂട്ടിയ സ്വത്തുവഹകളും കണ്ടെത്തി സർക്കാരിലേക്ക് നിക്ഷിപ്തമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

9) പേര് വെളിപ്പെടുത്താതെ ഫോൺ സന്ദേശത്തിൽ പറയുന്ന എ.ഡി.ജി.പി.യുടെ സന്തത സഹചാരി മുജീബിനെ കുറിച്ചും എ.ഡി.ജി.പി.യുടെ ഭാര്യയുടേയും അവരുടെ സഹോദരന്മാരുടേയും സുഹൃത്തുകളുടേയും പരസ്യമായും രഹസ്യമായും അവർ ഉപയോഗിക്കുന്ന ഫോളുകളും ഫോൺ കോളുകളും ഇ-മെയിൽ സന്ദേശങ്ങളും വിശദമായി അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

10) മലപ്പുറം മുൻ എസ്.പി. ആയിരുന്ന സുജിത് ദാസ് ഐ.പി.എസ്. കള്ളക്കടത്ത് വഴി സമ്പാദിച്ച പണമെല്ലാം എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന് കണ്ടെത്തേണ്ടതുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്വേഷണ പരിധിയിൽ അദ്ദേഹത്തിന്റെ ബന്ധുക്കളും സുഹൃത്തുകളും ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതുകൂടി അന്വേഷണ പരിധിയിൽ കൊണ്ടുവരണമെന്നും അഭ്യർത്ഥിക്കുന്നു.

11) താനൂർ പോലീസ് കസ്റ്റഡ് മരണക്കേസ്സിൽ സുജിത് ദാസിന്റെ പങ്ക് എത്രത്തോളമുണ്ടെന്ന് വിശദമായി അന്വേഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[Contd...

12) എടവണ്ണ പോലീസ് സ്റ്റേഷൻ പരിധിയിൽ ക്രൈം നമ്പർ 324/23 ആയി രജിസ്റ്റർ ചെയ്ത റിദാൻ ബാസിൽ എന്ന ചെറുപ്പക്കാരന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷിച്ച് കേസ്സിൽ കുറ്റപത്രം നൽകിയിട്ടുണ്ട്. ഈ കേസ്സുമായി ബന്ധപ്പെട്ട് മരിച്ച റിദാൻ ബാസിലിന്റെ ഭാര്യയും അവരുടെ കുടുംബാംഗങ്ങളും എന്നെ നേരിൽ വന്നുകണ്ട് സത്യസന്ധമായല്ല എസ്.പി. സുജിത് ദാസിന്റെ നേതൃത്വത്തിലുള്ള പോലീസ് കേസ് അന്വേഷിച്ചതെന്നും യഥാർത്ഥ കുറ്റവാളികളല്ല ഈ കേസ്സിൽ പ്രതികളായിട്ടുള്ളതെന്നും പോലീസ് ഈ കേസ്സിൽ അവരുടേതായ സ്വാർത്ഥമായ അജണ്ട ഉണ്ടെന്നും പറഞ്ഞിരുന്നു. അതിന് കാരണമായി പ്രധാനമായും അവർ ചൂണ്ടിക്കാണിച്ചത് മരിച്ച റിദാൻ ബാസിലിന്റെ ഭാര്യയെ അന്വേഷണ സമയത്ത് പോലീസ് പറയുന്ന രീതിയിൽ മൊഴി നൽകിയില്ലെങ്കിൽ അവരേയും കേസ്സിൽ പ്രതിയാക്കുമെന്നും പുറംലോകം കാണിക്കില്ലെന്നും പറഞ്ഞുകൊണ്ട് ക്രൂരമായി മർദ്ദിക്കുകയും, കൊലയാളിയായി പോലീസ് പ്രതിചേർത്ത ഷാൻ എന്ന വ്യക്തിയുമായി അവർക്ക് അവിഹിത ബന്ധമുണ്ടെന്ന് സമ്മതിക്കണമെന്നും നിർബന്ധിച്ചുകൊണ്ടായിരുന്നു മർദ്ദനമെന്നും പറയുന്നു. ഇവരുടെ വീട്ടുകാരോട് സംസാരിച്ചതിൽ നിന്നും എനിക്കു മനസ്സിലായത് കരിപ്പൂർ സ്വർണ്ണക്കള്ളകടത്തുമായി ബന്ധപ്പെട്ട സുജിത് ദാസ് അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ ഫോൺ ചാറ്റുകളും സംഭാഷണങ്ങളും മരിച്ച റിദാൻ ബാസിലിന്റെ ഐ ഫോണിൽ ഉണ്ടായിരുന്നുവെന്നാണ്. മാത്രവുമല്ല, വൈകുന്നേരം വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ ഐ ഫോണും മറ്റൊരു ഫോണും റിദാൻ ബാസിലിന്റെ കയ്യിൽ ഉണ്ടായിരുന്നെന്നും ആ രണ്ട് ഫോണുകളും പോലീസ് കണ്ടെത്താതെ ഇരുന്നത് ദുരൂഹമാണെന്നുമാണ്. ഒന്നാം പ്രതിയായ ഷാനിനെ പോലീസ് അന്നേ ദിവസം തന്നെ കസ്റ്റഡിയിലെടുക്കുകയും അന്നേ ദിവസം രാത്രിയും പിറ്റേ ദിവസം പകലും പ്രതിയുടെ വീടും വിറകുപുരയും പരിസരങ്ങളും അരിച്ചുപെറുക്കുകയും പ്രതിയുടെ വീട് നിരീക്ഷണത്തിലാക്കുകയും ചെയ്തിരുന്നു. ഈ പരിശോധനയിലൊന്നും കൃത്യത്തിന് ഉപയോഗിച്ച തോക്ക് കണ്ടെത്തുന്നതിന് പോലീസിന് കഴിഞ്ഞിരുന്നില്ല. പിന്നീട് ദിവസങ്ങൾക്ക് ശേഷം പ്രതിയെ കൊണ്ടുവന്ന് നിമിഷങ്ങൾക്കുള്ളിൽ വീടിന്റെ വിറകുപുരയിൽ നിന്നും തോക്ക് കണ്ടെടുത്തതായാണ് കേസ് ഡയറിയിൽ പറയുന്നത്. ഇത് തീർത്തും ദുരൂഹമാണ്. റിദാൻ ബാസിൽ ജീവിച്ചിരുന്നാൽ സുജിത് ദാസിന്റെ കരിയറിനെ ബാധിക്കുമെന്ന അദ്ദേഹത്തിന്റെ ഭയം ഈ കൊലപാതകത്തിന് പിന്നിലുണ്ടോയെന്ന് വിശദമായി അന്വേഷിക്കേണ്ടതുണ്ട്. എടവണ്ണ പോലീസിനെ മാറ്റി നിർത്തി ഈ കേസ്സിന്റെ മുഴുനീള അന്വേഷണം ഡാൻസാഫിലെ ക്രിമിനൽ സംഘമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പുതുതായി വരുന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ പരിധിയിൽ ഈ കൊലപാതക കേസ്സുകൂടി ഉൾപ്പെടുത്തി പുനരന്വേഷണം നടത്തണമെന്നും അഭ്യർത്ഥിക്കുന്നു. മരിച്ച റിദാൻ

[Contd...

ബാസിലിന്റെ കുടുംബം ഇപ്പോൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാൻ തയ്യാറെടുക്കുകയാണ്.

13) മലപ്പുറം മുൻ എസ്.പി. സുജിത് ദാസിന്റെ നേതൃത്വത്തിലുള്ള ഡാൻസാഫ് അംഗങ്ങൾക്ക് സ്വർണ്ണക്കടത്ത്, മയക്കുമരുന്ന് കടത്ത് സംഘങ്ങളുമായുള്ള ബന്ധവും, നിരവധി പേരെ കള്ളക്കേസ്സുകളിൽ ഉൾപ്പെടുത്തിയതും, ഡാൻസാഫ് അംഗങ്ങൾക്ക് മയക്കുമരുന്ന കടത്ത് സംഘങ്ങളുടെ ബന്ധം വഴി നേടിയതിന്റെ സ്വത്തുവിവരങ്ങളും ഇവരുടെ കുടുംബാംഗങ്ങളുടെ സ്വത്തുവിവരങ്ങളും അന്വേഷിച്ച് കണ്ടെത്തണമെന്നും അഭ്യർത്ഥിക്കുന്നു. ഇവരുടെ പലരും കൊട്ടാര സമാനമായ വീടുകളും വാഹനങ്ങളും റിയൽ എസ്റ്റേറ്റ് ഉടമകളുമാണെന്നാണ് അറിയാൻ കഴിഞ്ഞത്. അതിനാൽ ഇതുകൂടി അന്വേഷണ പരിധിയിൽ കൊണ്ടുവരണമെന്നും അഭ്യർത്ഥിക്കുന്നു.

14) 22.08.2023 തീയതിയിൽ കോഴിക്കോട് നടക്കാവ് പോലീസ് സ്റ്റേഷനിൽ 1010/23 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിലെ ദുരൂഹതയെ സംബന്ധിച്ച് കോഴിക്കോട് അറിയപ്പെടുന്ന വ്യാപാരിയും സമൂഹ്യ പ്രവർത്തകനുമായിരുന്ന മുഹമ്മദ് ആട്ടൂർ വയസ്സ് 56 എന്ന മാമി എന്ന വ്യക്തിയെ 21.08.2023 തീയതി വീട്ടിൽ നിന്നും ഇറങ്ങിയതാണ്. അതിനുശേഷം ഇന്നേവരെ അദ്ദേഹത്തെ കുറിച്ച് യാതൊരു അറിവും ഇല്ലാത്തതാണ്. ഇതു സംബന്ധിച്ചുള്ള പോലീസ് അന്വേഷണം എവിടേയും എത്തിയിട്ടില്ല. ഇന്ത്യക്കകത്തും പുറത്തും വ്യാപാരബന്ധങ്ങളും സുഹൃദ്ബന്ധങ്ങളും ഉള്ള വ്യക്തി കൂടിയായിരുന്നു ഇദ്ദേഹം. പോലീസ് അന്വേഷണത്തിൽ പുരോഗതിയുണ്ടാകാതിരുന്നപ്പോൾ നാട്ടുകാർ ചേർന്ന് ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ആ ആക്ഷൻ കമ്മിറ്റി നിരവധി തവണ പോലീസുമായി ബന്ധപ്പെട്ടിട്ടും ആശ്വാസകരമായ ഒരു മറുപടി പോലും പോലീസിന്റെ ഭാഗത്തുനിന്നും ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ നിരവധി പ്രതിഷേധ പരപിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതുമാണ്. പോലീസ് അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ ആക്ഷൻ കമ്മിറ്റി പ്രതിനിധികളും കുടുംബാഗങ്ങളും അങ്ങയെ നേരിട്ട് വന്ന് കണ്ട് സങ്കടം ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിന് കേസ് കൈമാറാമെന്ന് അങ്ങ് ഉറപ്പുനൽകിയിരുന്നതായി ആക്ഷൻ കമ്മിറ്റി അംഗങ്ങൾ പറഞ്ഞിരുന്നു. എന്നാൽ അങ്ങയുടെ നിർദ്ദേശത്തെ മറികടന്നുകൊണ്ട് അന്വേഷണത്തിന് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ രൂപീകരിച്ചുകൊണ്ടുള്ള എ.ജി.ഡി.പി. അജിത് കുമാറിന്റെ ഉത്തരവ് വന്നത്. നിർഭാഗ്യവശാൽ മുൻപ് ഈ കേസ് അന്വേഷിച്ചിരുന്ന ഉദ്യോഗസ്ഥർ തന്നെയായിരുന്ന ഈ ടീമിലും ഉൾപ്പെടുത്തിയിരുന്നത്. കേസ്സന്വേഷണത്തിൽ ഒരു പുരോഗതിയും ഇല്ലാത്ത സാഹചര്യത്തിൽ പുതിയ അന്വേഷണ ടീമിന്റെ പരിധിയിൽ ഈ കേസ്സുകൂടി ഉൾപ്പെടുത്തി മാമിയെ കണ്ടെത്തുന്നതിനോ മാമിക്കെന്ത് സംഭവിച്ചുവെന്ന് കണ്ടെത്തുന്നതിനോ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


[Contd...

മേൽപറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട് എനിക്ക് ലഭ്യമായിട്ടുള്ള തെളിവുകളും അറിവുകളും പുതുതായി നിയോഗിക്കുന്ന അന്വേഷണ സംഘത്തിന് നൽകാൻ തയ്യാറാണെന്ന് ബഹുമാനപൂർവ്വം അങ്ങയെ അറിയിക്കുന്നു.

ഇതുകൂടാതെ, പാവപ്പെട്ടവരായ ഭവനരഹിതർക്ക് തലചായ്ക്കാനായി നിർമ്മിച്ചു നൽകുന്ന ലൈഫ് ഭവനപദ്ധതിയിലെ ഗുണഭോക്താക്കളുടെ വീടിന്റെ തറയിലേക്ക് മണ്ണ് നിറക്കുന്നതിനും നിർമ്മാണ സാമഗ്രികളായ കല്ലിനും മണലിനും വരെ കടുത്ത നിയന്ത്രണങ്ങളാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. ലൈഫ് ഭവന പദ്ധതിയുമായി എല്ലാ വിഭാഗം ആളുകളും സഹകരിക്കണമെന്ന് അങ്ങ് നിയമസഭയിൽ അഭ്യർത്ഥിച്ചിട്ടും പലയിടത്തും പോലീസ് നിയമത്തിന്റെ പേരുപറഞ്ഞ് പാവങ്ങളെ ദ്രോഹിക്കുകയാണ്. ഇത് സർക്കാരിനെതിരായ വികാരമായി മാറുന്നതിന് കാരണമാവുന്നുണ്ട്. ലൈഫ് പദ്ധതി ഗുണഭോക്താക്കളോട് മാനുഷിക പരിഗണന നൽകാൻ പോലീസിന് അങ്ങ് കർശനമായ നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

നിലമ്പൂർ നിയോജകമണ്ഡലത്തിലെ എടക്കര പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 50 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തികൾ സൗജന്യമായി വിട്ടുനൽകി വർഷങ്ങൾ കഴിഞ്ഞിട്ടും ഈ ഭൂമി ഏറ്റെടുക്കാനോ ഇവിടെ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാനോ കഴിഞ്ഞിട്ടില്ല. ജില്ലാ പോലീസ് മേധാവിയുടെ പേരിലാണ് സ്ഥലം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഭൂമി തരംമാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ട ജില്ലാ മേധാവി സ്ഥലം ഏറ്റെടുക്കുന്നതിന് സന്നദ്ധമല്ലെങ്കിൽ സൗജന്യമായി നൽകിയ സ്ഥലം തിരികെ നൽകാനും നടപടി സ്വീകരിക്കണമെന്നും കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സ്നേഹാദരങ്ങളോടെ,



(പി.വി. അൻവർ)

ശ്രീ. പിണറായി വിജയൻ
ബഹു. കേരള മുഖ്യമന്ത്രി
തിരുവനന്തപുരം